പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2203 — 23/3/2012-ൽ മറുപടിയ്ക്ക്

## പൊതുശ്മശാനം നിർമ്മിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ജമീലാ പ്രകാശം : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ; | (എ) ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിന് വർഷംതോറും സർക്കാരിൽ നിന്നും ധനസഹായം നൽകി വരുന്നുണ്ട്. 2011-12 സാമ്പത്തിക വർഷം 50 ഗ്രാമപഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വീതം പൊതുശ്മശാന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) പഞ്ചായത്തുകളിലും പട്ടികജാതി മത്സ്യത്തൊഴിലാളി സങ്കേതങ്ങളിലും പൊതുശ്മശാനം നിർമ്മിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തിന് സമർപ്പിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടുകൂടി അത് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. പൊതുശ്മശാനം നിർമ്മിക്കുന്നതിനുള്ള പദ്ധതി അതത് ഗ്രാമപഞ്ചായത്തുകൾ തന്നെ നിർബന്ധമായും തയ്യാറാക്കി അവർക്ക് ലഭ്യമാകുന്ന വികസന ഫണ്ടിൽ നിന്നും, വർഷം തോറും പൊതുശ്മശാന നിർമ്മാണത്തിനായി സർക്കാർ നൽകി വരുന്ന ധനസഹായത്തിൽ നിന്നും തുക കണ്ടെത്തി പൊതുശ്മശാനം സ്ഥാപിക്കുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ